ഉത്തരം

(എ) സർക്കുലർ/സർക്കാർ അംഗീകൃത കൗൺസിലുകൾ/എ.ഐ.സി.റ്റി.ഇ./ കേരളത്തിലെ യൂണിവേഴ്സിറ്റികൾ തുടങ്ങിയവ അംഗീകരിച്ചിട്ടുള്ള കോഴ്സുകൾക്ക് സഹകരണ മേഖലയിലെ പ്രൊഫഷണൽ കോളേജുകൾ ഉൾപ്പെടെ സർക്കാർ/സർക്കാർ അംഗീകൃത കോളേജുകളിൽ/സ്ഥാപനങ്ങളിൽ പ്രവേശനം ലഭിച്ചിട്ടുള്ള വിദ്യാർത്ഥികൾക്ക് പ്രൊഫഷണൽ വിദ്യാഭ്യാസത്തിന് സഹകരണസ്ഥാപനങ്ങൾ വിദ്യാഭ്യാസ വായ്പ അനുവദിക്കാറുണ്ട്.

(ബി) സംസ്ഥാനത്തെ സഹകരണ സംഘങ്ങൾ/ബാങ്കുകൾ മുഖേന വിതരണം ചെയ്യുന്ന വിദ്യാഭ്യാസ വായ്പയുടെ പലിശ നിരക്ക് നിലവിൽ 9% ആയാണ് നിജപ്പെടുത്തിയിട്ടുള്ളത്.

(സി) സഹകരണ വകുപ്പിനു കീഴിലെ പ്രൊഫഷണൽ കോളേജുകളിൽ പഠിക്കുന്ന വിദ്യാർത്ഥികൾക്ക് 2009-10 വർഷം 25 വായ്പകളിലായി 58,35,900 രൂപയും 2010-11 വർഷം 28 വായ്പകളിലായി 61,83,400 രൂപയും വിദ്യാഭ്യാസ വായ്പയായി സഹകരണ സ്ഥാപനങ്ങൾ മുഖേന വിതരണം ചെയ്തിട്ടുണ്ട്.

(ഡി) നാലര ലക്ഷം രൂപ വരെ വാർഷിക വരുമാനമുള്ള കുടുംബങ്ങളിലെ വിദ്യാർത്ഥികൾ എടുത്തിട്ടുള്ള വിദ്യാഭ്യാസ വായ്പയുടെ പലിശ ബാദ്ധ്യത കേന്ദ്ര സർക്കാർ വഹിക്കുന്ന 2009-10 വർഷം മുതലുള്ള കേന്ദ്ര സർക്കാരിന്റെ വിദ്യാഭ്യാസ വായ്പകളുടെ പലിശ സബ്സിഡി സ്കീമിൽ ഇന്ത്യൻ ബാങ്ക്സ് അസോസിയേഷന്റെ കീഴിലുള്ള ഷെഡ്യൂൾഡ് ബാങ്കുകളിൽ നിന്നുള്ള വിദ്യാഭ്യാസ വായ്പകളെ മാത്രമേ ഉൾപ്പെടുത്തിയിട്ടുള്ളു. സഹകരണ ബാങ്കുകളിൽ നിന്നും വിതരണം ചെയ്യുന്ന വായ്പകളെ ഉൾപ്പെടുത്തിയിട്ടില്ല. ആയത് സഹകരണ ബാങ്കുകളിൽ നിന്നുള്ള വിദ്യാഭ്യാസ വായ്പ ആകർഷകമല്ലാത്ത സ്ഥിതിവിശേഷമാണ് സംജാതമാക്കിയിട്ടുള്ളത്.

സംസ്ഥാന സഹകരണ ബാങ്കിന്റെ നഷ്ടം

9(2261) ശ്രീ. ജോർജ് മേഴ്സിയർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാന സഹകരണ ബാങ്കിന്റെ 2005 മുതൽ 2010 വരെയുള്ള സാമ്പത്തിക വർഷങ്ങളിലെ നഷ്ടം എത്ര വീതമാണെന്ന് അറിയിക്കാമോ ;

(ബി) സംസ്ഥാന സഹകരണ ബാങ്കിൽ നിന്നും വായ്പയെടുത്ത അപ്പെക്സ് സഹകരണ സ്ഥാപനങ്ങൾ ഏതൊക്കെ എന്ന് അറിയിക്കാമോ ; പ്രസ്തുത സ്ഥാപനങ്ങൾ എടുത്ത തുക, കുടിശ്ശിക തുക എന്നിവ എത്ര വീതമെന്ന് അറിയിക്കുമോ ;

(സി) കുടിശ്ശിക വരുത്തിയ സ്ഥാപനങ്ങൾക്കെതിരെ നിയമ പ്രകാരം നടപടികൾ സ്വീകരിച്ചിട്ടുണ്ടോ ;

LIBRARY ARCHIVES Kerala Legislative Assembly

(ഡി) തിരുവനന്തപുരം ജില്ലയിലെ മണ്ഡവിളയിൽ പ്രവർത്തിക്കുന്ന സീ-മാറ്റ് എന്ന സ്ഥാപനത്തിന്റെ നടത്തിപ്പിന് സംസ്ഥാന സഹകരണ ബാങ്ക് പ്രതിമാസം എത്ര തുക വീതം നൽകുന്നു ;

(ഇ) ഇത്തരത്തിൽ തുക ചെലവഴിക്കുന്നതിന് നബാർഡിന്റെയും റിസർവ്വ് ബാങ്കിന്റെയും അനുമതി ലഭിച്ചിട്ടുണ്ടോ ;

(എഫ്) സീ-മാറ്റിന്റെ പ്രവർത്തനത്തിന് സംസ്ഥാന സഹകരണ ബാങ്ക് ഫണ്ട് ഉപയോഗിക്കരുതെന്ന് ആർ.ബി.ഐ. നിർദ്ദേശമുണ്ടോ ;

(ജി) സീ-മാറ്റിൽ എത്ര ജീവനക്കാർ ജോലി ചെയ്യുന്നു ; ഇവരുടെ എണ്ണം തസ്തിക, മേൽവിലാസം എന്നിവ നൽകുമോ ;

(എച്ച്) പ്രസ്തുത നിയമനങ്ങൾക്ക് സഹകരണ സംഘം രജിസ്ട്രാറുടെ അനുമതി ലഭിച്ചിട്ടുണ്ടോ ?

ഉത്തരം

(എ) കേരള സംസ്ഥാന സഹകരണ ബാങ്കിന്റെ 2005-06 മുതൽ 2009-10 വരെയുള്ള സാമ്പത്തിക വർഷങ്ങളിലെ അറ്റനഷ്ടം ചുവടെ ചേർക്കുന്നു :

സാമ്പത്തിക വർഷം	അറ്റനഷ്ടം
2005-06	2,59,12,443.28 രൂപ
2006-07	31,54,66,445.37 രൂപ
2007-08	49,80,16,562.90 രൂപ
2008-09	29,48,59,260.80 രൂപ
2009-10	223,55,92,813.91 രൂപ

(ബി)) കേരള സംസ്ഥാന സഹകരണ ബാങ്കിൽ നിന്നും വായ്പ എടുത്ത അപ്പക്സ് സഹകരണ സ്ഥാപനങ്ങളുടെ പേരും, ടി സ്ഥാപനങ്ങൾ എടുത്ത വായ്പാ തുകയും കുടിശ്ശിക തുകയും (പലിശയടക്കം) അനുബന്ധം 1-ൽ ചേർത്തിരിക്കുന്നു.*

(സി) കേരള സഹകരണ സംഘം നിയമവും ചട്ടവും അനുശാസിക്കും പ്രകാരമുള്ള നടപടി സ്വീകരിച്ചിട്ടുണ്ട്.

(ഡി) സീ-മാറ്റിന്റെ നടത്തിപ്പിന് കേരള സംസ്ഥാന സഹകരണ ബാങ്ക് പ്രതിമാസം തുകയൊന്നും നൽകുന്നില്ല.

(ഇ) ബാധകമല്ല.

(എഫ്) ഇല്ല.

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(ജി) സീ-മാറ്റിൽ ജോലി ചെയ്യുന്ന ജീവനക്കാരുടെ മേൽവിലാസവും തസ്തികയും അനുബന്ധം 2-ൽ ചേർത്തിരിക്കുന്നു.*

(എച്ച്) സീ-മാറ്റ് ട്രാവൻകൂർ-കൊച്ചിൻ ലിറ്റററി, സയന്റിഫിക് & ചാരിറ്റബിൾ സൊസൈറ്റീസ് ആക്ട് പ്രകാരം രജിസ്റ്റർ ചെയ്ത് പ്രവർത്തിക്കുന്ന ഒരു ചാരിറ്റബിൾ സൊസൈറ്റിയാണ്. ആയതിനാൽ സീ-മാറ്റിലെ ജീവനക്കാരുടെ നിയമനത്തിന് സഹകരണ സംഘം രജിസ്ട്രാറുടെ അനുമതി ആവശ്യമില്ല.

എൻ.സി.ഡി.സി., ഐ.സി.ഡി.പി. എന്നീ പദ്ധതികൾ പ്രകാരം ഒറ്റപ്പാലം നിയോജകമണ്ഡലത്തിൽ സഹകരണ സ്ഥാപനങ്ങൾ നടപ്പിലാക്കിയ പദ്ധതികൾ

10(2262) ശ്രീ. എം. ഹംസ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) എൻ.സി.ഡി.സി., ഐ.സി.ഡി.പി. പദ്ധതി പ്രകാരം ഒറ്റപ്പാലം അസംബ്ലി നിയോജക മണ്ഡലത്തിലെ ഏതെല്ലാം സഹകരണ സ്ഥാപനങ്ങൾ എന്തെല്ലാം പദ്ധതികൾ നടപ്പിലാക്കി എന്നതിന്റെ വിശദാംശം ലഭ്യമാക്കുമോ ;

(ബി) ഈ സർക്കാർ പ്രസ്തുത മണ്ഡലത്തിലെ ഏതെല്ലാം വനിതാ സഹകരണ സംഘങ്ങൾക്ക് എന്തെല്ലാം റിവൈവൽ പ്രോജക്ടുകൾ നടപ്പിലാക്കി എന്നതിന്റെ വിശദാംശം ലഭ്യമാക്കാമോ ?

ഉത്തരം

(എ) . ഒറ്റപ്പാലം മാർക്കറ്റിംഗ് സഹകരണ സംഘത്തിന് 2008-2011 കാലയളവിൽ എൻ.സി.ഡി.സി. പദ്ധതി പ്രകാരം 30 ലക്ഷം രൂപ വായ്പയും 10 ലക്ഷം രൂപ ഓഹരിയും അനുവദിച്ചിട്ടുണ്ട്. ഐ.സി.ഡി.പി. പദ്ധതി 30-6-1994-ൽ അവസാനിച്ചിതിനാൽ ടി കാലയളവിനുശേഷം പാലക്കാട് ജില്ലയിൽ ടി പദ്ധതി പ്രകാരം തുക അനുവദിച്ചിട്ടില്ല. 1989-1994 കാലയളവിൽ ഐ.സി.ഡി.പി. പദ്ധതിപ്രകാരം 9 സഹകരണ സ്ഥാപനങ്ങൾക്ക് 11.22 ലക്ഷം രൂപ വായ്പയും 29.60 ലക്ഷം രൂപ ഓഹരിയും അനുവദിച്ചിട്ടുണ്ട്.

(ബി) പീഡിത സഹകരണ സംഘങ്ങൾക്കുള്ള ധനസഹായമായി 2009-10 വർഷം അമ്പലപ്പാറ വനിത സഹകരണസംഘത്തിന് 630000 രൂപയും ശ്രീകൃഷ്ണപുരം വനിത സഹകരണ സംഘത്തിന് 700000 രൂപയും അനുവദിച്ചിട്ടുണ്ട്.

	ഓഹരി	സബ്സിഡി	വായ്പ
അമ്പലപ്പാറ വനിതാ സഹകരണസംഘം (കെട്ടിട നിർമ്മാണ പദ്ധതി)	63000 രൂപ	504000 രൂപ	63000 രൂപ
ശ്രീകൃഷ്ണപുരം വനിത സഹകരണ സംഘം (കമ്പ്യൂട്ടർ പരിശീലന കേന്ദ്രം)	70000 രൂപ	560000 രൂപ	70000 രൂപ

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly